## 14 -ാം കേരള നിയമസഭ

## 22 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1563** **19-01-2021 - ൽ മറുപടിയ്ക്ക്**

## കർഷക ക്ഷേമനിധി ബോർഡ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | Shri. V. S. Sunil Kumar<br>(കൃഷി വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ പുതിയതായി ആരംഭിച്ച കർഷക ക്ഷേമനിധി ബോർഡ് വഴി കർഷകർക്ക് ലഭ്യമാകുന്ന സേവനങ്ങളും ആനുകൂല്യങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ. ; | (എ) | കർഷകർക്ക് ലഭ്യമാകുന്ന സേവനങ്ങളും ആനുകൂല്യങ്ങളും താഴേ പറയും പ്രകാരമാണ്. 1. അഞ്ചു വർഷത്തിൽ കുറയാതെ അംശദായം അടച്ച അംഗങ്ങൾക്കു അറുപതു വയസ്സ് തികയുമ്പോൾ മുതൽ ആനുപാതിക പെൻഷൻ 2. കുടുംബ പെൻഷനും മരണാനന്തര ആനുകൂല്യങ്ങളും. 3. സ്ഥായിയായ ശാരീരിക മാനസീക അവശത അനുഭവിക്കുന്ന അംഗത്തിന് സാമ്പത്തിക സഹായം 4. അംഗങ്ങളുടെ ചികിത്സ സഹായം, വനിതാ അംഗങ്ങളുടെ പ്രസവ സംബന്ധമായ ആനുകൂല്യങ്ങൾ നൽകൽ, വനിതാ അംഗങ്ങളുടെയോ കർഷകരുടെയോ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായവും, അംഗങ്ങളുടെ മക്കളുടെ വിദ്യാഭാസത്തിനുള്ള ധനസഹായം. 5. ഇരുപത്തിയഞ്ചു വർഷം അംശദായം അടച്ചിട്ടുള്ള അംഗങ്ങൾക്കു പദ്ധതി പ്രകാരം നിശ്ചയിക്കുന്ന ഒരു നിശ്ചിത തുക ഒറ്റ തവണയായി നൽകുക 6. അംഗങ്ങൾക്കുണ്ടാവുന്ന അപകടങ്ങൾക്കും അപകടമരണങ്ങൾക്കും നഷ്ടപരിഹാരം നൽകുക. |
| (ബി) | കർഷക ക്ഷേമനിധി ബോർഡിന്റെ ഘടന വ്യക്തമാക്കാമോ ; | (ബി) | ബോർഡിന്റെ ഘടന താഴെ പറയും പ്രകാരമാണ് 1. ചെയർമാൻ 2. കാർഷികോല്പാദന കമ്മീഷണർ (ഡയറക്ടർ) 3. കൃഷി വകുപ്പ് സെക്രട്ടറി (ഡയറക്ടർ) 4. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ (ഡയറക്ടർ) 5. മൃഗ സംരക്ഷണ വകുപ്പ് ഡയറക്ടർ (ഡയറക്ടർ) 6. ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറി (ഡയറക്ടർ) 7. നിയമ വകുപ്പിലെ ജോയിന്റ് സെക്രട്ടറി (ഡയറക്ടർ) 8. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ വി.എഫ്.പി.സി.കെ (ഡയറക്ടർ) 9. സർക്കാർ നാമനിർദേശം ചെയ്യുന്ന കാർഷിക മേഖലയിൽ നിന്നുള്ള വിദഗ്ധൻ (ഡയറക്ടർ) 10. സർക്കാർ നാമനിർദേശം ചെയ്യുന്ന 14 കർഷക പ്രതിനിധികൾ (ഡയറക്ടർ) 11. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മെമ്പർ സെക്രട്ടറി |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത ബോർഡിന്റെ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ? | (സി) | 13/10/2020 - ലെ സർക്കാർ ഉത്തരവ് (പി) നം. 19/2020/കൃഷി പ്രകാരം കേരള കർഷക ക്ഷേമനിധി ബോർഡ് രൂപീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. 15.10.2020- ൽ ചെയർമാനും മറ്റ് ബോർഡ് അംഗങ്ങളും ചുമതല ഏറ്റെടുത്തതോടെ കേരള കർഷക ക്ഷേമനിധി ബോർഡ് ഔദ്യോഗികമായി നിലവിൽ വന്നു. ബോർഡിന്റെ ആദ്യ യോഗം 04.11.2020- ന് തിരുവനന്തപുരം, ആനയറ സമേതിയിൽ ചേരുകയും ബോർഡിന്റെ തുടർ പ്രവർത്തനങ്ങൾ സംബന്ധിച്ച വിഷയങ്ങൾ ചർച്ച ചെയ്യുകയും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. ബോർഡിന്റെ ഭരണപരമായ പ്രവർത്തനങ്ങൾക്ക് 100 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതം വകയിരുത്തിയിട്ടുണ്ട്. പുതിയ ബഡ്ജറ്റിൽ 200 ലക്ഷവും വകയിരുത്തിയിട്ടുണ്ട്. ബോർഡിന്റെ ചട്ടങ്ങളും പദ്ധതിയും ബൈലോയും രൂപീകരിക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. ബോർഡിന്റെ ആസ്ഥാന മന്ദിരത്തിനായി തൃശ്ശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ ഓഫീസുമായി ബന്ധപ്പെട്ട് സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് ഓഫീസ് പ്രവർത്തനം സജ്ജമാക്കാനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. തിരുവനന്തപുരം മേഖലാ ഓഫീസിനും ലെയ്സൺ ഓഫീസിനുമായി ഉദ്ദേശം 1500 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ ആനയറ സമേതിയിൽ സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്. അവിടെയും ഓഫീസ് പ്രവർത്തനം സജ്ജമാക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കർഷക രജിസ്ട്രേഷനുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനങ്ങൾക്കായി എൻ.ഐ.സി യുമായി ചർച്ചകൾ നടന്നു വരികയാണ്. കർഷകർക്കുള്ള ഇൻഷ്വറൻസുമായി ബന്ധപ്പെട്ട വിഷയത്തിലും സർക്കാർ ഉടമസ്ഥതയിലുള്ള ഇൻഷ്വറൻസ് കമ്പനികളുമായി ചർച്ച നടത്താൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ